**നം.കെഎസ്എ-കെടിഎം.പി.3-1075/2016** **തീയതി 26.07.2016**

# കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20.6.15 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 19-07-2016 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വർഗ്ഗീസ് ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 2016 ജൂലൈ 12 മുതൽ 2016 ജൂലൈ 19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി രേഖ.ആർ , ഓഡിറ്റ് ഓഫീസർ<br>ശ്രീമതി സിന്ധ്യ.പി, സീ.ഗ്രേ.ഓഡിറ്റർ<br>ശ്രീ.ഉണ്ണിക്കൃഷ്ണൻ സി, സീ.ഗ്രേ.ഓഡിറ്റർ<br>ശ്രീ.തോമസ്സ് എം., ഓഡിറ്റർ |

**ബി) നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സുരേന്ദ്രനാഥപണിക്കർ | 1.04.14-20.9.14 |
| | ശ്രീമതി മിൽക്കസണ്ണി, (വൈസ് പ്രസിഡന്റ്) | 21.9.14-12.10.14 |
| | ശ്രീ.തോമസ്ജോൺ | 13.10.14-31.3.15 |
| സെക്രട്ടറി | ശ്രീ.പി.വി.മാത്യു | 1.04.14-12.2.15 |
| | ശ്രീ.വി.റ്റി.ഷാജി | 13.2.15-31.3.15 |

**നിർവഹണോദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.സുഭാഷ് പിള്ള | 1.04.14-31.03.15 |
| വെറ്റിനറി സർജൻ | ഡോ.പ്രസന്നൻ | 1.04.14-31.03.15 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | ഡോ.നീത ആലീസ് പോൾ | 1.04.14-31.03.15 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.അഞ്ജന | " " |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.സീബ മേരി | ,, ,, |
| അസി.എൻജിനീയർ | ശ്രീമതി | " " |

| | | |
|---|---|---|
| | അമിതമോൾ.പി | |
| വി.ഇ.ഒ | ശ്രീ.ഹരികുമാർ | 1.04.14-31.03.15 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി അന്ന.കെ.ഒ | 1.04.14-31.03.15 |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീ.രാജേഷ് | 1.04.14-31.03.15 |

**ഉള്ളടക്കം**


| ഖണ്ഡിക.നമ്പർ | വിഷയം |
|---|---|
| **ഭാഗം 1--പൊതുഅവലോകനം** | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| **ഭാഗം 2--വരവുകണക്കുകൾ** | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | സർക്കാർ ഖജനാവിലേക്ക് അടവാക്കേണ്ട തുക പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു |
| 2-3-1 | വസ്തുനികുതി--100 ച.മീറ്ററിനു മുകളിൽ ബാധകമായ നിരക്ക് ചുമത്തിയില്ല |
| 2-3-2 | വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളെ കൈത്തറി ഷെഡ്, തടിമിൽ, തുടങ്ങിയ വ്യവസായ ആവശ്യങ്ങൾക്കുള്ള നിരക്കിൽ നികുതി ചുമത്തിയത് മൂലമുള്ള നഷ്ടം |
| 2-3-3 | ആരാധനാലയങ്ങളുടെ പേരിൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ--പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം |
| 2-3-4 | വസ്തുനികുതി--അനധികൃതമായി കെട്ടിടങ്ങളെ ഒഴിവാക്കുന്നു. |
| 2-3-5 | 100 ച.മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് 100 ച.മീറ്ററിൽ താഴെയുള്ള കെട്ടിടങ്ങളുടെ നിരക്കിൽ വസ്തുനികുതി ചുമത്തിയത് മൂലമുള്ള നഷ്ടം |
| 2-3-6 | പ്രഥമ മേഖലയിലുൾപ്പെട്ട കെട്ടിടത്തിന് 10 % അനധികൃത നികുതിയിളവ് നൽകി--വസ്തു നികുതി നഷ്ടം |
| 2-3-7 | മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന പൂർണ്ണ വിവരങ്ങൾ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല |
| 2-3-8 | മൊബൈൽ ടവറുകൾ ഉപയോഗപ്പെടുത്തുന്ന മുഴുവൻ ഭാഗത്തേയും നികുതി ചുമത്തുന്നില്ല |
| 2-4 | തൊഴിൽ നികുതി |
| 2-4-1 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-4-2 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടക്കിയിട്ടില്ല |
| 2-4-3 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് |
| 2-4-4 | വിമുക്തഭടനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-4-5 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല |

| | |
|---|---|
| 2-5 | ഡി ആന്റ് ഒ ട്രേഡ് ലൈസൻസ് പരിശോധന |
| 2-5-1 | ഡി ആന്റ് ഒ ട്രേഡ് ലൈസൻസ് അപേക്ഷയിലെ വിറ്റുവരവിന് ആനുപാതികമായി ഫീസ് ഈടാക്കുന്നില്ല |
| 2-5-2 | ഗ്യാസ് ഏജൻസി, പെട്രോൾ പമ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ഫീസ് ഈടാക്കുന്നില്ല |
| 2-6 | സ്വകാര്യ ആശുപത്രികൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. |
| 2-7 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നില്ല |
| 2-8 | ഷോപ്പിംഗ് കോംപ്ലക്സ്--വാടക |
| **ഭാഗം 3--ചെലവുകണക്കുകൾ** | |
| 3-1 | ഓണം അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തിട്ടില്ല |
| 3-2 | തെങ്ങണ--വനിത (എസ്.സി.) സ്വയം തൊഴിൽ പരിശീലനവും ഉത്പന്ന വിപണനകേന്ദ്രവും--പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല |
| 3-3 | ചെലവ് രേഖകൾ പൂർണ്ണമല്ലാത്തതിനാൽ 11,73,375/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. |
| 3-4 | തെരുവു വിളക്കുകളുടെ സൂപ്പർവിഷൻ ചാർജ്ജ്--പുതിയതായി സ്ഥാപിക്കപ്പെട്ട തെരുവ് വിളക്കുകളുടെ എണ്ണത്തിന് ആനുപാതികമല്ല |
| 3-5 | വഴി വിളക്ക് ഉപകരണങ്ങൾ വാങ്ങൽ--പർച്ചേസ് ഓർഡർ നൽകിയതിലധികം വാങ്ങി |
| 3-6 | കന്നുകുട്ടി പരിപാലന പദ്ധതി, അപാകതകൾ--ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 3-7 | കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് |
| 3-8 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്--എണ്ണം സംബന്ധിച്ച കണക്കുകളിലെ പൊരുത്തക്കേട് |
| 3-9 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| **ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4.1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4.2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4.3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4.4 | വായ്പ/വായ്പ തിരിച്ചടവ് |
| 4.5 | സ്ഥിര നിക്ഷേപങ്ങൾ |
| 4.6 | ഓഡിറ്റ് റിക്കവറി |
| 4.7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4.8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

## ഭാഗം -1
## പൊതു അവലോകനം

1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 28-03-2014 തിയതിയിലെ 1(1) - തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 9410373 |
| വരവ് | 168031300 |

| | |
|---|---|
| ആകെ | 177441673 |
| ചെലവ് | 174561750 |
| നിക്കിയിരിപ്പ് | 2879923 |

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2014-15 | 31.7.2015 | 31-07-2015 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2014-15 | 17-10-15 | കെ.എസ്സ്.എ.കെ.റ്റി.എം.പി 14/ ജി.പി-30/2015/31-12-2015 |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11225247.10 |
| വരവ് | 70243106 |
| ആകെ | 81468353.10 |
| ചെലവ് | 56827979 |
| നീക്കിയിരിപ്പ് | 24640374.10 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1352976 | 11551000 | 12903976 | 11572082 | 1331894 | 90.37 |
| വികസനഫണ്ട് എസ്.സി.പി. | 1389989 | 6705000 | 8094989 | 5335483 | 2759506 | 65.91 |
| വികസനഫണ്ട് ടി.എസ്.പി. | 363788 | 230000 | 593788 | 3893 | 589895 | .65 |
| സംരക്ഷണഗ്രാന്റ് റോഡ് | 139195 | 6324000 | 6463135 | 6135308 | 327827 | 94.92 |
| സംരക്ഷണഗ്രാന്റ്ഡ്നോൺറോഡ് | 10834 | 4582000 | 4592834 | 2688093 | 1904741 | 58.52 |
| 13-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 210977 | 7579931 | 7790908 | 4752046 | 3038862 | 60.99 |
| പെർഫോമൻസ് ഗ്രാന്റ് | 1429911 | 3612000 | 5041911 | 1427932 | 3613979 | 28.32 |

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 160 | 89085248 | 120 | 35545944 | - | 31 | 79.47% |

**നേട്ടങ്ങൾ**

ഉൽപ്പാദനമേഖലയിൽ കൃഷി മൃഗസംരക്ഷണം, മൃഗാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ തുടങ്ങിയ പ്രോജക്ടുകളും സേവനമേഖലയിൽ ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി ഹോമിയോ, ആയുർവേദ ആശുപത്രികൾക്ക് മരുന്നുവാങ്ങൽ, സർക്കാർ സ്ക്കൂളുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ, അംഗൻവാടികളുടെ നിർമ്മാണം, ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, തുടങ്ങിയ പ്രോജക്ടുകളും പശ്ചാത്തലമേഖലയിൽ വിവിധ ഗ്രാമീണ റോഡുകളുടെ ടാറിംഗ്, റീടാറിംഗ്, തെരുവുവിളക്ക് വാങ്ങൽ തുടങ്ങിയവയാണ് നടപ്പിലാക്കിയത്.

**<u>കോട്ടങ്ങൾ</u>**

റ്റി.എസ്.പി ഫണ്ട് വകയിരുത്തിയ തുകയുടെ 0.65% മാത്രമേ ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളു. വിവിധ അംഗൻവാടികൾക്ക് സ്ഥലം വാങ്ങൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. വനിതാ സ്വയംതൊഴിൽ പരിശീലനകേന്ദ്രം ഫിനിഷിംഗ് വർക്ക് നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം. 60.49 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4114902 | 6575334 | 2460432 | 59.79% |
| നികുതിയേതര വരവുകൾ | 469608 | 698059 | 228451 | 48.64% |
| മറ്റുവരവുകൾ | 45171 | 157188 | 112017 | 247.98% |
| ആകെ | 4629681 | 7430581 | 2800900 | 60.49% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 188040 | 112 |
| കർഷകതൊഴിലാളി പെൻഷൻ | 3120422 | 427 |
| വിധവാപെൻഷൻ | 4735253 | 589 |
| വാർദ്ധക്യകാലപെൻഷൻ | 1222230 | 174 |
| വികലാംഗപെൻഷൻ | 2199960 | 211 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-7-16 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19493/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

**<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>**

<u>1) വസ്തുനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വിവരങ്ങൾ സൂക്ഷിക്കുന്നില്ല</u>

പഞ്ചായത്ത് രാജ് ആക്ടിലെ 207 വകുപ്പ് പ്രകാരം വസ്തുനികുതി, സേവന ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങളും അവ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടതിനുള്ള കാരണങ്ങളും ഒരു പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചു പോരേണ്ടതാണന്ന് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങൾ, ചട്ടം 3(6) നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇപ്രകാരം ഒരു രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. നികുതി ഉപ നികുതി എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ട നിരവധി കെട്ടിടങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും അവ നിയമപരമായി തന്നെയാണോ ഒഴിവാക്കപ്പെട്ടതെന്ന് വ്യക്തമല്ല.

<u>2)-വിമുക്ത ഭടൻമാരുടെ വസ്തുനികുതിയിളവ്-രജിസ്റ്റർ സൂക്ഷിക്കുന്നില്ല.</u>

വിമുക്തഭന്മാർക്ക് വസ്തുനികുതി ഇളവ് നൽകുന്നതുമായി ബന്ധപ്പെട്ട നിബന്ധനകൾ 02.07.2013 ലെ സർക്കാർ ഉത്തരവ്(കൈ) നം-242/2013/തസ്വഭവ നമ്പർ ഉത്തരവിലൂടെ പുറപ്പെടുവിച്ചിരുന്നു. എന്നാൽ മേൽ ഉത്തരവിൽ

നിർദ്ദേശിക്കപ്പെട്ട പ്രകാരം ഇളവ് സംബന്ധിച്ച് പ്രത്യേക രജിസ്ററർ സൂക്ഷിച്ചിട്ടില്ല.

3) അസാധാരണ ചെലവുകൾ- രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണചെലവുകൾ) ചട്ടങ്ങൾ ചട്ടം-5 പ്രകാരം അസാധാരണ ചെലവുകൾക്ക് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ ഇപ്രകാരമുള്ള ഒരു രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

**വൗച്ചറുകളുടെ സൂക്ഷിപ്പ്-**

വൗച്ചറുകൾ മാസാടിസ്ഥാനത്തിൽ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വൗച്ചറുകളിലെ ചെലവുകളെ സാധൂകരിക്കുന്ന അനുബന്ധ രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമാണ്. എന്നാൽ തെരുവ് -വിളക്കുകളുടെ ഇനം, തരം എന്നിവ കാണിക്കുന്ന ഒരു രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/7/16&12/7/16 | 6/16 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6/7/06-20/7/06 | 1997-98-2005-06 | 24.8.2006 |

## ഭാഗം -2
## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 വാർഷിക കണക്കുളുടെ അവലോകനം

പഞ്ചായത്തിന്റെ വാർഷിക കണക്കുൾ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സർട്ടിഫിക്കറ്റ് നൽകിയിരുന്നു. ഓഡിറ്റ് സമയത്തെ പരിശോധനയിൽ പരിഹരിക്കപ്പെടാതെ അവശേഷിക്കുന്ന അപാകതക ചുവടെ ചേർക്കുന്നു. 26.7.11ലെ ജി.ഒ.(എംഎസ്) 152/11 നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2-2 സർക്കാർ ഖജനാവിലേക്ക് അടക്കേണ്ട തുക പഞ്ചായത്ത് ഫണ്ടിൽ

1) സ്കൂൾ ഫിറ്റ്നെസ്സ് ഫീസ്

തദ്ദേശ സ്വയം ഭരണ വകുപ്പ് മരാമത്ത് വിഭാഗം എൻജിനീയർമാരുടെ സേവനം ഉപയോഗിച്ച് സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നെസ്സ് സാക്ഷ്യപത്രം നൽകുന്നതിന് ആവശ്യമായ പരിശോധനകൾക്കായി പഞ്ചായത്തിൽ വിവിധ സ്കൂളുകൾ അടച്ച 7200 രൂപ (ഹെഡ്-140400105) സർക്കാർ ഖജനാവിലേക്ക് അടക്കാതെ പഞ്ചായത്ത് ഫണ്ടിൽ തുടരുന്നുണ്ട്. ഇത് 6/5/2010 ലെ 23058/ഡിബി2/08/തസ്വഭവ സർക്കുലർ പ്രകാരം പുറപ്പെടുവിച്ച സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. ടി തുക സർക്കാർ നിർദ്ദേശിച്ച ഹെഡ്ഡിൽ ("0515-00-800-93"മറ്റിനങ്ങൾ ) അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) സ്കൂൾ ഫിറ്റ്നെസ്സ്-സൂപ്പർവിഷൻ ചാർജ്

ഗ്രാമപഞ്ചായത്തിലെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സൂപ്പർവിഷൻ ചാർജായി 2,97,115 രൂപ വരവുവന്നിട്ടുണ്ട്. (ഹെഡ്-180800105) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും നൽകുന്ന സേവനങ്ങളുടെ ഭാഗമായി ഈടാക്കിയ പ്രസ്തുത ഫീസ് സർക്കാരിലേക്ക് അടച്ചിട്ടില്ല. ഇത് 06.05.2010 ലെ 23058/ഡിബി2/08/തസ്വഭവ സർക്കുലർ പ്രകാരം പുറപ്പെടുവിച്ച സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. ടി തുക സർക്കാർ നിർദ്ദേശിച്ച ഹെഡ്ഡിൽ ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) വാറ്റ് സർക്കാരിലേക്ക് ഒടുക്കുന്നതിനവശേഷിക്കുന്നു.

ടെണ്ടർ ഫോം വിൽപ്പനക്ക് ഈടാക്കിയ വാറ്റ് 18232 രൂപ നിലവിൽ സർക്കാരിലേക്ക് ഒടുക്കുവാൻ അവശേഷിക്കുന്നു. ടി തുക സർക്കാർ നിർദ്ദേശിച്ച ഹെഡ്ഡിൽ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2-3-1 വസ്തുനികുതി--100 ച.മീറ്ററിന് മുകളിൽ ബാധകമായ നിരക്ക് ചുമത്തിയില്ല

തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011/തസ്വഭവ പ്രകാരം 100 ചതുരശ്രമീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ച.മീറ്ററിന് 65 രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് (നം-A3/5865/11തീയതി 09.01.2012).

എന്നാൽ പഞ്ചായത്ത് നികുതി നിർണ്ണയം നടത്തിയ 100 ച.മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ചുവടെ പറയുന്ന കെട്ടിടത്തെ ച.മീറ്ററിന് 55 രൂപ നിരക്കിൽ മാത്രമാണ് നികുതി ചുമത്തിയത്. (100 ച.മീ താഴെയുള്ള വാണിജ്യാവശ്യങ്ങൾക്ക് ബാധകമായ നിരക്ക്). ഇത് പഞ്ചായത്തിന് നികുതി നഷ്ടമുണ്ടാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര്-നികുതി നിർണ്ണയിച്ച തീയതി | തറവിസ്തീർണ്ണം-ഉപയോഗക്രമം | ചുമത്തിയ വസ്തുനികുതി | ചുമത്തേണ്ട വസ്തുനികുതി | കുറവ് |
|---|---|---|---|---|
| സുമിയ ഷാജഹാൻ<br>കൊല്ലം പറമ്പിൽ<br>മാടപ്പള്ളി പി.ഒ<br>05/08/2014 | 120.45 ച.മീ<br>വാണിജ്യാവശ്യ-ത്തിനുള്ള ഗോഡൗൺ | 120.45X55=<br>6626<br>ഇളവ് @10%-മേൽക്കൂര -662<br>ആകെ-5964 | 120.45X65=<br>7829.25<br>ഇളവ് -മേൽക്കൂര @10%- -782.9<br>ആകെ-7047 | 7047-5964=<br>1083 |

ടി കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിക്കേണ്ടതും കുറവായി നിർണ്ണയിച്ച നികുതി കെട്ടിട ഉടമയിൽ നിന്നോ അല്ലാത്ത പക്ഷം നികുതി നിർണ്ണയം നടത്തിയ സെക്രട്ടറിയിൽ നിന്നോ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 2-3-2 വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളെ കൈത്തറി ഷെഡ്, തടിമിൽ, തുടങ്ങിയ വ്യവസായ ആവശ്യങ്ങൾക്കുള്ള നിരക്കിൽ നികുതി ചുമത്തിയത് മൂലമുള്ള നഷ്ടം.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19 /2011/ തസ്വഭവ, അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്തെ കെട്ടിടങ്ങളുടെ നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട് (എ)3/5865/11തീ-09/01/2012). ടി വിജ്ഞാപന പ്രകാരം കൈത്തറി ഷെഡ്, പീലിംഗ് ഷെഡ്, തടിമിൽ തുടങ്ങിയ വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിരക്ക് ച.മീറ്ററിന് 20 രൂപ മാത്രമാണ്. എന്നാൽ വാണിജ്യാവശ്യങ്ങൾക്കുള്ള വർക്ക്ഷോപ്പുകൾക്കും വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കും 20 രൂപ നിരക്കിൽ വസ്തുനികുതി ചുമത്തിയതായി ഓഡിറ്റ് കണ്ടെത്തുകയും ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-6 പ്രകാരം പഞ്ചായത്തിന്റെ വിശദീകരണം ആവശ്യപ്പെടുകയും ചെയ്തു. ടി കെട്ടിടങ്ങളെ പഞ്ചായത്ത് വിജ്ഞാപനപ്രകാരം വാണിജ്യാവശ്യങ്ങൾക്കും വ്യവസായ ആവശ്യങ്ങൾക്കും ബാധകമായ 55 രൂപ നിരക്കിൽ നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമയുടെ പേര്-കെട്ടിടത്തിന്റെ തറ വിസ്തൃതി | ഉപയോഗം | ചുമത്തിയ വസ്തുനികുതി@20 | ചുമത്തേണ്ട വസ്തുനികുതി @55 | കുറവ് |
|---|---|---|---|---|---|
| 1 | ശ്രീ.നാരായണൻ ഈട്ടിക്കൽ പുരയിടത്തിൽ, മാടപ്പള്ളി - 39.6 ച.മീ | വർക്ക് ഷോപ്പ് | 800 | 39.6X55=2178 | 1378 |
| 2 | തോട്ടത്തിൽ, ശ്രീ.റെജിമോൻ പീറ്റർ,<br>കുറുമ്പനാടം .പി.ഒ - 30.6 ച.മീ | വർക്ക് ഷോപ്പ് | 428<br>(ഇളവ് 20%കിഴിച്ച്) | 1683-336.6=<br>1347 | 919 |
| 3 | ശ്രീമതി ഷൈലജ. വി.ചന്ദ്രൻ, അക്ഷയ് നിവാസ്, പാലമുറ്റം , കുറുമ്പനാടം പി.ഒ – 88 ച.മീ | വ്യവസായ ആവശ്യം | 1760 | 4840 | 3080 |
| 4 | ശ്രീ.ആന്റണി സെബാസ്റ്റ്യൻ, കാക്കരയിൽ, മാമൂട് പി.ഒ -18 ച.മീ | വാണിജ്യാവശ്യം | 288<br>(ദ്വിതീയമേഖല-10% ഇളവ് കിഴിച്ച്) | 18X55=990<br>ഇളവ് 10%=99<br>891 | 603 |
| 5 | ശ്രീമതി സാറാമ്മ ചാക്കോ, | വ്യവസായ ആവശ്യം | 3952<br>മേൽക്കൂര | 247X55=13585<br>മേൽക്കൂര | 8275 |

| | | | | | |
|---|---|---|---|---|---|
| | മാമ്പറമ്പിൽ, ചൂരനോലി, മാമൂട് പി.ഒ- 247 ച.മീ | | 10% ഇളവ് കിഴിച്ച് | 10% ഇളവ്-1358.5<br>ആകെ-12227 | |
| 6 | ശ്രീ.വർഗ്ഗീസ് വർഗ്ഗീസ്, താവളത്തിൽ എന്നയാളുടെ 9 ച.മീ | വ്യവസായ ആവശ്യം | 180 | 495 | 315 |
| 7 | ശ്രീ.കെ.ജെ.മാത്യു, കല്ലൻചിറ, മാടപ്പള്ളി പി.ഒ – 9.31 ച.മീ | വാണിജ്യ ഗോഡൗൺ | 168<br>(മേൽക്കൂര 10% കിഴിച്ച്) | 9.31X55=512.05<br>ഇളവ്-10%മേൽക്കൂര-51.2<br>ആകെ-461 | 293 |
| 8 | ശ്രീ.ജോജൻ വ്രഗ്ഗീസ്, തെക്കേക്കര, മോസ്കോ, മാടപ്പള്ളി - 17 ച.മീ സ്റ്റോർ | സ്റ്റോർ | 374<br>(ഇളവ് മേൽക്കൂര-10%<br>റോഡ് വർദ്ധനവ്20% ) | 17x55=935<br>ഇളവ് മേൽക്കൂര-10%-93.5<br>റോഡ് വർദ്ധനവ് 20% -187<br>ആകെ-1029 | 655 |
| 9 | ശ്രീ.ആർ സുഭാഷ്, കാരുവേലിൽ, മാടപ്പള്ളി പി.ഒ - 161ച.മീ | വ്യവസായ ആവശ്യത്തിനുള്ള കെട്ടിടം | 2898<br>ഇളവ്-10% കിഴിച്ച് | 161X55=8855<br>ഇളവ്-10%=885.5<br>ആകെ-7970 | 5072 |
| 10 | ശ്രീമതി സോഫിയ ബീവി, കറുകപ്പള്ളിൽ , പെരുമ്പനച്ചി പി.ഒ 33 ച.മീ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 528<br>ഇളവ്-റോഡ്20% കിഴിച്ച് | 33X55<br>=1815<br>ഇളവ്-റോഡ്20% -363<br>ആകെ-1452 | 924 |
| 11 | ശ്രീ.ജോസഫ് .എ.സി, അമ്പാട്ട്, മാമൂട് - 46.46 ച.മീ | കൊമേഴ്സ്യൽ വർക്ക് ഷെഡ്ഡ് | 930 | 46.46X55=2556 | 1626 |
| 12 | തോമസ് ചാണ്ടി & വിനോദ് കുമാർ -88.8ച.മീ | - | 1887<br>(മേൽക്കൂര 10% ഇളവ്, റോഡ് 20% വർദ്ധനവ് കഴിഞ്ഞ്) | 88.8X55=4884<br>മേൽക്കൂര 10% ഇളവ്-484.4<br>റോഡ്20% വർദ്ധനവ്-976.8<br>ആകെ-5377 | 3490 |
| | | ആകെ | | | 26630 |

ബാധകമായ നിരക്കിൽ വസ്തുനികുതി പരിഷ്കരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 2-3-3 ആരാധനാലയങ്ങളുടെ പേരിൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ--പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-207 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കി വച്ചിട്ടുള്ളതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളേയും മതപാഠശാലകളേയും മാത്രമാണ് വസ്തുനികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ സഞ്ചയ റവന്യൂ മോഡ്യൂൾ പരിശോധിച്ചതിൽ ഒരേ ആരാധനാലയങ്ങളുടെ നിരവധി കെട്ടിടങ്ങൾ ആരാധനാലയങ്ങളായി രേഖപ്പെടുത്തി നികുതി ഒഴിവാക്കിയതായി കാണുന്നു.

| | | |
|---|---|---|
| 1 | ഹോളി ഫാമിലി ചർച്ച് | 5/384, 385, 386, 387 |
| 2 | മാടപ്പള്ളി ശ്രീഭദ്ര ക്ഷേത്രം | 8/189, 190, 191 |
| 3 | ലൂർദ് മാതാ ചർച്ച് | 9/366, 367, 422, 428, 429 |
| 4 | പി.ആർ.ഡി.എസ്-മന്ദിരം | 10/247, 248, 251 |
| 5 | ശ്രീ.മഹാദേവക്ഷേത്രം, തെങ്ങണ | 18/787, 788, 789 |
| 6 | സെന്റ് ആന്റണീസ് ചർച്ച് | 20/267, 272, 270 ,274 |

ഗുണഭോക്താക്കളിൽ നിന്ന് വാടക ഈടാക്കി സേവനം വിട്ടു നൽകുന്ന, ക്ഷേത്രങ്ങളോട് ചേർന്നുള്ള സദ്യാലയങ്ങൾ, പള്ളികളോട് ചേർന്നുള്ള പാരിഷ് ഹാളുകൾ, ക്ഷേത്രം ഓഫീസുകൾ, സമുദായ സംഘടനകളുടെ

കെട്ടിടങ്ങൾ, ഹാളുകൾ എന്നിവിടങ്ങളിൽ നിന്നും പഞ്ചായത്ത് വസ്തുനികുതി ചുമത്തുന്നില്ല. കോൺവെന്റുകൾ, മോണാസ്ട്രികൾ എന്നിവയും നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെട്ടതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) മാർത്തോമ ഭവൻ ആശ്രമം-7/545
2) മദർ അന്നാ കോൺവെന്റ്-8/570 A

നിയമാനുസൃതമല്ലാത്ത ഇളവ് അംഗീകരിക്കുന്നില്ല. ആരാധനാലയങ്ങളായി രേഖപ്പെടുത്തി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ഇനവും ഉപയോഗക്രമവും പരിശോധിച്ച് നികുതി ചുമത്തപ്പെടേണ്ടവയാണെങ്കിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3-4 വസ്തുനികുതി-അനധികൃതമായി കെട്ടിടങ്ങളെ ഒഴിവാക്കുന്നു

മാടപ്പള്ളി ഗ്രാമ പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സഞ്ചയ റവന്യൂമൊഡ്യൂൾ-പ്രോപ്പർട്ടി ടാക്സ് പരിശോധിച്ചതിൽ, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ -207 പ്രകാരം നികുതി നിർണയത്തിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ലിസ്റ്റ് ഉള്ളതായി കണ്ടു. എന്നാൽ നിയമപരമായി നികുതി ഒഴിവാക്കപ്പെടേണ്ട കെട്ടിടങ്ങൾക്കുപുറമേ നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങളും ഈ ലിസ്റ്റിൽ ഉൾപ്പെട്ടതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | കെട്ടിട നം | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 1/317 | നേഴ്സറി ബിൽഡിംഗ്-കൊട്ടാരം കുന്ന് |
| 2 | 2/227 | അംബേദ്കർ മെമ്മോറിയൽ ആർട്സ് & സ്പോർട്ട്സ് ക്ലബ് |
| 3 | 2/228 | നേഴ്സറി,വെള്ളുകുന്ന് |
| 4 | 2/436 | രഞ്ജിനി ക്ലബ്,കുറുമ്പനാടം |
| 5 | 2/504 | ജീവോദയ കോൺവെന്റ്,കുറുമ്പനാടം |
| 6 | 2/505 | സിസ്റ്റർ സുപ്പീരിയർ, ക്ലാരിസ്റ്റ് മഠം |
| 7 | 5/383 | ഹോളി ഫാമിലി കോൺവെന്റ് |
| 8 | 7/11 | ആശ്രമം സ്റ്റോർ |
| 9 | 8/144 | ഗ്രാമീണ മഹിള സമാജം,മാടപ്പള്ളി |
| 10 | 11/247 | സെക്രട്ടറി,കേരള പുലയർ മഹാസഭ |
| 11 | 11/332,333,335,336,336A, 337 | ട്രെയിനിംഗ് സൂപ്രണ്ട്,ഐ.റ്റി.ഐ(എസ്.സ്സി.ഡി.ഡി) |
| 12 | 14/426 | സെക്രട്ടറി, പ്രിയദർശ്ശിനി |
| 13 | 19/89 | സെക്രട്ടറി,SNDP ,തെങ്ങണ |
| 14 | 17/287 | KWTW |

അനർഹമായ വസ്തുനികുതി ഇളവുകൾ ലഭിക്കുന്ന സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് ഡിമാൻഡ് ചെയ്തീടാക്കേണ്ടതാണ്. അല്ലാത്തപക്ഷം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടമായി കണക്കാക്കുന്നതാണ്.

## 2-3-5 100 ച.മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് 100 ച.മീറ്ററിൽ താഴെയുള്ള കെട്ടിടങ്ങളുടെ നിരക്കിൽ വസ്തുനികുതി ചുമത്തിയത് മൂലമുള്ള നഷ്ടം

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള ആളിന്റെ, ഒരേ സമയം നികുതി നിർണ്ണയിച്ച, വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി നികുതി നിർണ്ണയിച്ച് 100 ച.മീറ്ററിൽ കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ 55 രൂപയാണ് ചുമത്തിയിരിക്കുന്നത്.

തദ്ദേശസ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19 /2011/ തസ്വഭവ, അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്തെ കെട്ടിടങ്ങളുടെ നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട് (എ)3/5865/11തീ-09/01/2012). ടി വിജ്ഞാപന പ്രകാരം വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതും 100 ച.മീറ്ററിലധികമുള്ളതുമായ കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 65 രൂപ നിരക്കിൽ നികുതി നിശ്ചയിച്ചിട്ടുള്ളതാണ്. ഒരേ ആളുടെ ഉടമസ്ഥതയിലുള്ള ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വസ്തുനികുതി പ്രത്യേകമായി കണക്കാക്കിയതും, നൂറ് ചതുരശ്രമീറ്ററിൽ താഴെ വിസ്തൃതിയിലുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് (55 രൂപ) ചുമത്തിയതും പഞ്ചായത്തിന് നികുതി നഷ്ടമുണ്ടാക്കി. കെട്ടിടങ്ങളുടെ നികുതി പുനനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. 14-15 ൽ ഇപ്രകാരം നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമയുടെ പേര്, വിലാസം, നികുതി നിർണ്ണയിച്ച തീയതി | കെട്ടിടനം-തറവിസ്തീർണ്ണം (ച.മീ) | ചുമത്തിയ വസ്തുനികുതി | കെട്ടിടത്തിന്റെആകെ വിസ്തീർണ്ണം/ആകെ ചുമത്തിയ വസ്തുനികുതി | ചുമത്തേണ്ട വസ്തുനികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ശ്രീ.സെയ്തുമുഹമ്മദ് ലബ്ബ, പള്ളിവീട്ടിൽ, പെരുമ്പനച്ചി,തെങ്ങണ 23/08/2014 | 17/637A-6.75 | 446 (20%വർദ്ധനവ് ഉൾപ്പെടെ) | 252.09 16642 രൂപ | 19664 | 3022 |
| | | 17/637B-6.75 | 446 | | | |
| | | 17/637C-40.4 | 2666 | | | |
| | | 17/637D-40.4 | 2666 | | | |
| | | 17/637E-40.4 | 2666 | | | |
| | | 17/637F-40.4 | 2666 | | | |
| | | 17/637 I-17.56 | 1160 | | | |
| | | 17/637 J-17.56 | 1160 | | | |
| | | 17/637 K-17.56 | 1160 | | | |
| | | 17/637 L-17.56 | 1160 | | | |
| | | 17/637 M-6.75 | 446 | | | |
| 2 | ശ്രീ.സുരേഷ് കുമാർ.ജി, നെടുംമ്പറമ്പിൽ, മാടപ്പള്ളി 08/10/2014 | 18/790A-15.81 | 1044 | 158.28 10094 | 12346 | 2252 |
| | | 18/790B-15.81 | 1044 | | | |
| | | 18/790C-15.81 | 1044 | | | |
| | | 18/790D-15.81 | 1044 | | | |
| | | 18/790E-17.85 | 1178 | | | |
| | | 18/790F-15.81 | 1044 | | | |
| | | 18/790G-15.81 | 1044 | | | |
| | | 18/790H-15.81 | 1044 | | | |
| | | 18/790I-29.76 | 1608 | | | |
| 3 | ശ്രീ.ഷാജി ജോക്കബ്, പാറുകണ്ണിൽ, മാമൂട് 04/11/2014 | 8/510A-12 | 792 (20%വർദ്ധനവ് ഉൾപ്പെടെ) | 212 13997 | 16536 | 2539 |
| | | 8/510B-13 | 858 | | | |
| | | 8/510C-18 | 1188 | | | |
| | | 8/510D-8 | 528 | | | |
| | | 8/510E-9 | 594 | | | |
| | | 8/510F-60 | 3965 | | | |
| | | 8/510G-8 | 528 | | | |
| | | 8/510H-35 | 2310 | | | |
| | | 8/510I-35 | 2310 | | | |
| | | 8/510J-14 | 924 | | | |
| 4 | ശ്രീ.സി.എ),ബിനു ചെന്തലക്കുന്നേൽ, തെങ്ങണ 5/07/2014 | XIX/582A-22.11 | 1458 20% വർദ്ധനവ് ഉൾപ്പെടെ) | 158.12 10424 | 12334 | 1910 |
| | | XIX/582 B-22.11 | 1458 | | | |
| | | IX/582 C-22.11 | 1458 | | | |
| | | XIX/582 D-22.11 | 1458 | | | |
| | | XIX/582 E-22.11 | 1458 | | | |
| | | XIX/582 F-22.11 | 1458 | | | |
| | | XIX/582 G-25.46 | 1676 | | | |
| | | | ആകെ | | | 9723 |

വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 2-3-6 പ്രഥമ മേഖലയിലുൾപ്പെട്ട കെട്ടിടത്തിന് 10 % അനധികൃത വസ്തുനികുതിയിളവ് നൽകി-- വസ്തുനികുതി നഷ്ടം

ശ്രീ.സാബു തോമസ്സ്, കുന്നത്ത് ഹൗസ്, മാമൂട് പി.ഒ എന്നയാളുടെ 4/209 A എന്ന കെട്ടിടം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ പ്രഥമ മേഖലയിലാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ദ്വിതീയ മേഖലക്കനുവദനീയമായ 10%

ഇളവ് അനുവദിച്ചു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ ടി കെട്ടിടം പ്രഥമ മേഖലയിലാണെന്നും നികുതി പുനർനിർണ്ണയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നികുതി പുനർ നിർണ്ണയിച്ചീടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 2-3-7 മൊബൈൽ ടെലികമ്മയൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന പൂർണ്ണ വിവരങ്ങൾ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. സഞ്ചയ റവന്യു-മൊഡ്യൂൾ സോഫ്ട്വെയറിലെ വിവരങ്ങൾ പ്രകാരം 5 മൊബൈൽ ടവറുകൾ മാത്രമാണ് പഞ്ചായത്തിലുള്ളത്. എന്നാൽ ചങ്ങനാശ്ശേരി-വാഴൂർ റോഡ്, തിരുവല്ല-ഏറ്റുമാനൂർ ബൈപാസ് എന്നീ പ്രധാന റോഡുകൾ കടന്ന് പോകുന്ന പഞ്ചായത്ത് പ്രദേശത്ത് ഇരുപതിലധികം ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം-40395/RC2/2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) പ്രകാരം അനധികൃതമൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടില്ല.

കെട്ടിടങ്ങൾക്ക് മുകളിൽ സ്ഥാപിക്കപ്പെട്ട ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ (ടവർ സ്ഥാപിച്ചിട്ടുള്ള ആൾ ഉപയോഗപ്പെടുത്തുന്ന വിസ്തീർണ്ണം, കെട്ടിട ഉടമയുടെ വിലാസം, കമ്പനിയുടെ പേര്), സ്വകാര്യ വസ്തുവിൽ സ്ഥാപിക്കപ്പെട്ട സ്ഥാപിക്കപ്പെട്ട ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ (വാടക ലഭിക്കുന്ന ഉടമയുടെ പേര്, ഉപയോഗപ്പെടുത്തുന്ന വിസ്തീർണ്ണം) എന്നിവ പഞ്ചായത്ത് അടിയന്തിരമായി ശേഖരിച്ച് എല്ലാ ടവറുകളെയും (അനധികൃത നിർമ്മാണം ഉൾപ്പെടെ) പഞ്ചായത്തിന്റെ വസ്തുനികുതി ചുമത്തി വിവരം അറിയിക്കേണ്ടതാണ്.

### 2-3-8 മൊബൈൽ ടവറുകൾ ഉപയോഗപ്പെടുത്തുന്ന മുഴുവൻ ഭാഗത്തേയും നികുതി ചുമത്തുന്നില്ല

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ചുമത്തുമ്പോൾ പെർമിറ്റ് എടുത്ത മുഴുവൻ ഭാഗത്തിനും സ.ഉ (അ)19/2011/തസ്വഭവ/തീ.14/01/2011 പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്ത നിരക്കിൽ നികുതി ചുമത്തുന്നില്ല . ബാറ്ററി മുറി, അനുബന്ധമുറി എന്നിവ മാത്രമാണ് നികുതി ചുമത്തപ്പെടുന്നത്. സ.ഉ. (സാധാ)നം.707/14/തസ്വഭവ തീ.7/3/14 പ്രകാരം കെട്ടിടം എന്നാൽ ഏതെങ്കിലും ഉദ്ദേശത്തിന് ഏതെങ്കിലും വസ്തുക്കൾക്കൊണ്ട് നിർമ്മിച്ച ഏതൊരുപണിപ്പാടും എന്നർത്ഥമാകുന്നു. (the term *building* means “any structure for whatever purpose and of whatever material”) കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം-2(m). ഇതനുസരിച്ച് മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തെയും നികുതി ചുമത്തി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 2-4-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

| ക്രമനം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ഗുഡ് ഷെപ്പേർഡ് പബ്ളിക് സ്കൂൾ | ഒന്ന്, രണ്ട് |
| 2 | മുത്തൂറ്റ് മിനി ഫിനാൻസ് | ഒന്ന് |
| 3 | മാവേലി സ്റ്റോർ മാടപ്പള്ളി | ഒന്ന് |

തൊഴിൽ നികുതിയീടാക്കി രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം വിവരം അറിയിക്കേണ്ടതാണ്

### 2-4-2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മുത്തൂറ്റ് മിനി ഫിനാൻസിലെ ജീവനക്കാരുടെ തൊഴിൽ നികുതി രണ്ടാം അർദ്ധവർഷം ഈടാക്കിയിട്ടില്ല. ടി സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 2-4-3 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരെ അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി നികുതി ചുമത്തിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധവർഷ വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | ബാക്കി | അർദ്ധ വർഷം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ഇ എസ് എ എഫ് | സജിത് കുമാർ | 42400 | 300 | 180 | 120 | 1 |
| | | സീത | 45600 | 450 | 240 | 210 | 1 |
| 2 | പാരഗൻ പോളിമർ | രാജേഷ് എം | 71028 | 600 | 300 | 300 | 2 |
| | | | ആകെ | | | 630 | |

കുറവ് വന്ന തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 2-4-4 വിമുക്തഭടനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

എസ്.ബി.റ്റി മാമ്മൂട് ശാഖയിൽ നിന്നും ലഭ്യമാക്കിയ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി പത്രികയിൽ ശ്രീ ജോസഫ് സ്കറിയ (എസ്.ഡബ്ള്യൂ.ഒ.) എന്ന ജീവനക്കാരൻ വിമുക്തഭടൻ എന്ന് രേഖപ്പെടുത്തി തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. ടിയാളുടെ അർദ്ധവാർഷിക വരുമാനം 1,18,880 രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വിമുക്തഭടനെ തൊഴിൽ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതിനാൽ ടിയാനിൽ നിന്ന് ടിയാന് ബാധകമായ 1000 രൂപ തൊഴിൽ നികുതിയിനത്തിൽ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥൻ തുക ഒടുക്കേണ്ടതാണ്.

### 2-4-5 സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

പഞ്ചായത്തിൽ നിന്ന് ലഭിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിശദാംശങ്ങൾ പഞ്ചായത്തിന്റെ പക്കൽ ഉണ്ടായിരുന്നിട്ടും ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ പേരും ജീവനക്കാരുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| ക്രമം | ലൈസൻസി | സ്ഥാപനം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | ജോജോ മാത്യു<br>കടുകത്തലയ്ക്കൽ, താഴത്തുവടകര | കയർ മാറ്റ് നിർമ്മാണം | 06 |
| 2 | സിബി സെബാസ്റ്റ്യൻ<br>കുട്ടൻപേരൂർ, തെങ്ങണ | ഈവ ചെരുപ്പ് നിർമ്മാണം | 08 |
| 3 | സന്ദീപ് സി ആർ<br>ചെന്തലക്കുന്നേൽ, പെരുമ്പനച്ചി | കയർമാറ്റ് നിർമ്മാണം | 06 |
| 4 | എം ഡി ജോൺ<br>മുതിരപറമ്പിൽ, മാമ്മൂട് | ഗാലന്റ് പ്ലാസ്റ്റിക് | 07 |
| 5 | ബാബൂവർഗ്ഗീസ്<br>മാടപ്പള്ളി | പ്ലാമ്മൂട്ടിൽ റബേഴ്സ് | 09 |
| 6 | തോമസ് വർഗ്ഗീസ്<br>തൂമ്പുങ്കൽ, പെരുമ്പനച്ചി | സിമന്റ്, ഹാർഡ്വെയർ | 06 |
| 7 | റോണി ഡൊമനിക്<br>ചിലവന്തൂർ, കടവന്ത്ര | കയർ നിർമ്മാണം | 10 |

മേൽ സൂചിത സ്ഥാപനങ്ങളിലെ ജീവനക്കാരെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-204 അനുശാസിക്കും പ്രകാരം തൊഴിൽ നികുതി ചുമത്തി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

### 2-5-1 ഡി ആന്റ് ഒ ട്രേഡ് ലൈസൻസ് അപേക്ഷയിലെ വിറ്റുവരവിന് ആനുപാതികമായി ഫീസ് ഈടാക്കുന്നില്ല.

2014-15 വർഷം ചുവടെ ചേർക്കുന്ന ഡി ആന്റ് ഒ ട്രേഡ് ലൈസൻസ് അപേക്ഷകരിൽ നിന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയ ഒരു ദിവസത്തെ വിറ്റുവരവിന് ആനുപാതികമായി ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം | ലൈസൻസി | സ്ഥാപനം | അപേക്ഷയിൽ രേഖപ്പെടുത്തിയ വിറ്റുവരവ് | ചുമത്താവുന്ന പരമാവധി ഫീസ് | ചുമത്തിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | ഉണ്ണിക്ക്യഷ്ണൻ എസ്സ് മാധവനന്ദനം പാങ്ങോട് | പെട്രോൾ പമ്പ് നന്ദനം ഫ്യുവൽസ് | 200000 | 4000 | 2000 | 2000 |
| 2 | എംഡി ജോൺ മുതിരപറമ്പിൽ മാമ്മൂട് | ഗാലന്റ് പ്ളാസ്റ്റിക്സ് | 75000 | 2000 | 200 | 1800 |
| 3 | തോമസ് വർഗ്ഗീസ് തുമ്പുങ്കൾ പെരുമ്പനച്ചി പി ഒ | സിമന്റ്, ഹാർഡ് വെയർ | 55000 | 2000 | 200 | 1800 |
| | | | | | ആകെ കുറവ് | 5600 |

ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ കുറവ് വന്ന ലൈസൻസ് ഫീസ് നോട്ടീസ് നൽകി ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. കുറവ് വന്ന 5600 രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 2-5-2 ഗ്യാസ് ഏജൻസി, പെട്രോൾ പമ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഷീ ഗ്യാസ് ഏജൻസി, പെട്രോൾ പമ്പുകളായ ആമ്പാടി ഫ്യുവൽസ്, ഭാസ്കർ ആന്റ് കമ്പനി എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസിനത്തിൽ 2000 രൂപ മാത്രമേ ഈടാക്കിയതായി കാണുന്നുള്ളു. പ്രധാന റോഡുകളുടെ ഓരത്ത് സ്ഥിതി ചെയ്യുന്ന ടി പെട്രോൾ പമ്പുകളുടെ വിറ്റുവരവ് വളരെ കൂടുതലാണ് എന്ന് വ്യക്തമാണ്. ടി സ്ഥാപനങ്ങളെ പരമാവധി ഫീസായ 4000 രൂപ വീതം ലൈസൻസ് ഫീസ് ചുമത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 2-6 സ്വകാര്യ ആശുപത്രികൾ രജിസ്റ്റർ ചെയ്യുന്നില്ല

1997ലെ കേരളപഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയ്ക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കുവാൻ പാടുള്ളതല്ല. എന്നാൽ ചുവടെ ചേർക്കുന്ന സ്വകാര്യ ആശുപത്രികൾ രജിസ്റ്റർ ചെംയ്യാതെ കാലങ്ങളായി പ്രവർത്തിച്ചു വരുന്നു.

1. പയ്യമ്പള്ളിൽ നേഴ്സിംഗ് ഹോം
2. മേഴ്സി നേഴ്സിംഗ് ഹോം

എല്ലാ സ്വകാര്യ ആശുപത്രികളേയും പാരാമെഡിക്കൽ സ്ഥാപനങ്ങളേയും മേൽ രജിസ്ട്രേഷന്റെ പരിധിയിൽ കൊണ്ടുവരേണ്ടതും രജിസ്ട്രേഷനില്ലാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്.

### 2-7 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നില്ല.

1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഒരു ട്യൂട്ടോറിയൽ സ്ഥാപനവും പ്രവർത്തിക്കുവാൻ പാടുള്ളതല്ല. എന്നാൽ ചുവടെ ചേർക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിച്ചു.

1)ബിശ്വാസ് ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, പെരുമ്പനച്ചി.

2)നന്ദ ട്യൂഷൻ സെന്റർ, പെരുമ്പനച്ചി

എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളെയും മേൽ രജിസ്ട്രേഷന്റെ പരിധിയിൽ കൊണ്ടുവരേണ്ടതും രജിസ്ട്രേഷനില്ലാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്.

### 2-8 വാടക-തുക ഒടുക്കുന്നതിലെ വീഴ്ച

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ VIII/600(1), (2), (3) നമ്പർ മുറികളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഓഫീസിന്റ വാടക അടവാക്കുന്നതിൽ കാലതാമസം വരുത്തുന്നുണ്ട്. ഓഡിറ്റ് വർഷത്തെ വാടക സ്ഥാപനം ഒടുക്കുകയും പിഴപ്പലിശ സാമ്പത്തിക വർഷം സേവനത്തിൽ നിന്നും വിരമിച്ച സെക്രട്ടറി ഒടുക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ 13-14 ൽ സ്ഥാപനം ഒടുക്കിയ വാടക തുക മാത്രമാണ് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടുള്ളത്. പിഴപ്പലിശ സ്ഥാപനം അടക്കുന്നില്ല.

വാടക പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ച് വരുന്നു.2013 ജനുവരി മുതൽ വാടക കരാർ പുതുക്കുന്നതിനും പുതുക്കിയ നിരക്കിലുള്ള വാടക അടവാക്കുന്നതിനും സന്നദ്ധമാണെന്ന് ബി.എസ്.എൻ.എൽ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. നടപടികളുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3
## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഓണം അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തിട്ടില്ല

ശ്രീമതി കെ.കെ.രമാഭായി സെക്രട്ടറിക്ക് 12.8.12 ൽ ഓണം അഡ്വാൻസായി 10000/-രൂപ നൽകിയിരുന്നു. എന്നാൽ നാളിതുവരെ 2000/-രൂപ മാത്രമേ അഡ്ജസ്റ്റ് ചെയ്തിട്ടുള്ളു. 8000/- തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-2 തെങ്ങണ -വനിത(എസ്.സി) സ്വയം തൊഴിൽ പരിശീലനവും ഉത്പന്ന വിപണനകേന്ദ്രവും -പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 12-13 | 2283729 |
| 13-14 | 624190 |
| 14-15 | 855435 |
| ആകെ | 3763354 |

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് പണിത ടി കെട്ടിടം നാളിതുവരെയായി പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നടത്തിയ പ്രാദേശിക പരിശോധനയിൽ കെട്ടിടത്തിനുള്ളിലേക്ക് പ്രവേശിക്കുവാൻ സാധിക്കാത്ത തരത്തിൽ പരിസരം മുഴുവനും കാടുപിടിച്ച് കിടക്കുകയാണ്. നാളിതുവരെയായി പ്രവർത്തനക്ഷമമാക്കാത്തതിനാൽ തന്നെ ആവശ്യകത നിർണയിക്കാതെ ഫണ്ട് ചെലവാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി മാത്രം ടി കെട്ടിടം നിർമിച്ചതാണെന്ന് കരുതുന്നു.

പഞ്ചായത്ത് കമ്മറ്റിയുടെ 24/6/16 ലെ 9 നം തീരുമാനപ്രകാരം എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് പണിതിട്ടുള്ള ടി കെട്ടിടത്തിന്റെ താഴത്തെ നില വനിതവ്യവസായ കേന്ദ്രം പ്രവർത്തനങ്ങൾക്കും മുകളിലെ രണ്ടുനിലകൾ വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കൃഷിഭവൻ പോലുള്ള ഓഫീസുകൾ താത്ക്കാലികമായി പ്രവർത്തിപ്പിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് ബഹു.തദ്ദേശ വകുപ്പ് സെക്രട്ടറിയോടും പട്ടികജാതിക്ഷേമ വകുപ്പിനോടും അപേക്ഷിക്കുന്നതിന് തീരുമാനിച്ചതായി കാണുന്നു. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-3 ചെലവ് രേഖകൾ പൂർണമല്ലാത്തതിനാൽ 1173375 രൂപയുടെ ചെലവ് തടസ്സത്തിൽ വക്കുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ട അപാകത അപാകത ചുവടെ ചേർക്കുന്നു.

1)

| പ്രോജക്ട് നം. | SO 108/15 |
|---|---|
| പ്രോജക്ടിന്റെ പേര്. | എസ്.സി. വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| ബിൽ നം | 6/14-15/27-02-15 |
| തുക | 250000 |

മേൽ പറഞ്ഞിട്ടുള്ള തുക പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന 10 വിദ്യാർത്ഥികൾക്ക് 25000 രൂപ വീതം നല്കിയിരിക്കുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം ഇപ്രകാരം ധനസഹായം നല്കുമ്പോൾ പട്ടിക ജാതി വകുപ്പിൽ നിന്നൊ മറ്റ് സ്രോതസ്സുകളിൽ നിന്നൊ ഇതേ ആവശ്യത്തിന് ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്ന് ഉറപ്പാക്കണമെന്ന് നിർദ്ദേശിക്കുന്നു. ഇത് സംബന്ധിച്ച് പട്ടിക ജാതി വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം വച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | നല്കിയ തുക |
|---|---|

| | |
|---|---|
| രേഷ്മ.ആർ | 25000 |
| ആതിര സത്യൻ | 25000 |
| യമുന.പി.കെ. | 25000 |
| രാഖി സുരേന്ദ്രൻ | 25000 |
| രാഗിലാൽ.ആർ.ജി. | 25000 |
| രേഷ്മ വിജയൻ | 25000 |
| അശ്വതി രാജ്. | 25000 |
| ദിവ്യ.കെ | 25000 |
| കൃഷ്ണ ദാസ്.പി.എം. | 25000 |
| ആകെ | 225000 |

2)

| | |
|---|---|
| പ്രോജക്ട് നം. | SO 148/15 |
| പ്രോജക്ടിന്റെ പേര്. | തെങ്ങണ വനിതാ തൊഴിൽ പരിശീലന കേന്ദ്രം വയറിംഗ് |
| ബിൽ നം | 1/14-15/30-01-15 |
| തുക | 487125 |

ഈ തുക ഡി.ഡി.നം.109094/31-01-15 പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ള്യു.ഡി., ഇലക്ട്രിക്കൽ ഡിവിഷൻ, തിരുവനന്തപുരത്തിന് നല്കിയിട്ടുണ്ട്. പ്രവ്യർത്തി പൂർത്തീകരിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

3)

| | |
|---|---|
| പ്രോജക്ട് നം. | SO 176/15 |
| പ്രോജക്ടിന്റെ പേര്. | ഇടപ്പള്ളി സാംസ്കാരിക നിലയം വയറിംഗ് |
| ബിൽ നം | 2/14-15/30-01-15 |
| തുക | 461250 |

ഈ തുക ഡി.ഡി.നം.109093/31-01-15 പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ,പി.ഡബ്ള്യു.ഡി., ഇലക്ട്രിക്കൽ ഡിവിഷൻ, തിരുവനന്തപുരത്തിന് നല്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ചോദിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിനം 1/14-07-16ന് നല്കിയ മറുപടിയിൽ രേഖകൾ ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ പരിശോധനക്ക് നല്കുന്നതാണെന്ന് വ്യക്തമാക്കി. ചെലവ് രേഖകൾ ലഭ്യമാക്കി 11,73,375/- രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 3-4 തെരുവുവിളക്കുകളുടെ സൂപ്പർ വിഷൻ ചാർജ്-പുതിയതായി സ്ഥാപിക്കപ്പെട്ട തെരുവ് വിളക്കുകളുടെ എണ്ണത്തിനാനുപാതികമല്ല

പ്രോജക്റ്റ് നം-169/15

സൂപ്പർവിഷൻ ചാർജ് ഫോർ ട്യൂബ് ലൈറ്റ്

പ്രോജക്റ്റ് അടങ്കൽ- 120000 (തനത് ഫണ്ട്)

ചെലവ്-80000

കെ.എസ്.ഇ.ബി. പഞ്ചായത്തിന്റെ ആവശ്യപ്രകാരം 26/11/14 ലെ എ.ഇ/ESD/7NA/strt/14-15 കത്ത് പ്രകാരം 400 എണ്ണം ഫ്ലൂറസെന്റ് ട്യൂബ് പഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിക്കുന്നതിന് അനുമതി നൽകി. പുതിയതായി സ്ഥാപിക്കുവാനുദ്ദേശിക്കുന്ന 400 തെരുവ് വിളക്കുകളുടെ സൂപ്പർ വിഷൻ ചാർജായി 80000 രൂപ പഞ്ചായത്ത് കെ.എസ്.ഇ.ബിയിൽ അടക്കുകയും ചെയ്തു (28/12/14 ലെ ഡി.ഡി.നം-204800). എന്നാൽ പ്രോജക്റ്റ് നം-41/14-15 പ്രകാരം തൻവർഷം 250 പുതിയ ഫ്ലൂറസെന്റ് ട്യൂബുകളാണ് വാങ്ങി സ്ഥാപിച്ചത്. മുൻവർഷങ്ങളിൽ സ്ഥാപിക്കപ്പെട്ട തെരുവ് വിളക്കുകളുടെ സൂപ്പർ വിഷൻ ചാർജ് സംബന്ധിച്ച് കുടിശ്ശിക ഉള്ളതായി രേഖപ്പെടുത്തലുകളൊന്നും തന്നെ സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകൾ സംബന്ധിക്കുന്ന കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതും ഓരോ വർഷവും വൻ തുക തെരുവ് വിളക്കുകൾ വാങ്ങുന്നതിനും മെയിന്റനൻസ് നടത്തുന്നതിനുമായി ചെലവാക്കുന്നുണ്ടെങ്കിലും ഇവയുടെ എണ്ണം സംബന്ധിച്ച് കൃത്യത ഇല്ലാത്തത് അധിക ചെലവുണ്ടാക്കുന്നതായി നിരീക്ഷിക്കുന്നു. അധികമായി തുക കെ.എസ്.ഇ.ബിക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-11/18-07-16). കണക്കുകൾ കൃത്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതും അധികം തുക കെ.എസ്.ഇ.ബി. യിൽ ഒടുക്കിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

### 3-5 വഴി വിളക്ക് ഉപകരണങ്ങൾ വാങ്ങൽ-പർച്ചേസ് ഓർഡർ നൽകിയതിലധികം വാങ്ങി

പ്രോജക്റ്റ് നം-41/15

അടങ്കൽ-600000

ചെലവ്-5,96,995

28/01/2014 ലെ തീരുമാനം-1(3) പ്രകാരം മത്സരാധിഷ്ഠിത ടെണ്ടറിൽ പങ്കെടുത്ത് വിജയിച്ച മാതാ ട്രേഡേഴ്സ്, ചങ്ങനാശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും പർച്ചേസ് ഓഡർ നൽകി (2/2/14) വാങ്ങുന്നതിന് തീരുമാനിച്ചതിൽ അധികം വഴിവിളക്ക് ഉപകരണങ്ങൾ വാങ്ങി. ടി തീരുമാന പ്രകാരം 2/2/2015 ൽ സെക്രട്ടറി നൽകിയ പർച്ചേസ് ഓർഡറിൽ ആവശ്യപ്പെടുന്നതിലധികം എണ്ണം തെരുവ് വിളക്കുപകരണങ്ങൾ അധികമായി വാങ്ങി. അധികമായി വാങ്ങിയ സാധനങ്ങളുടെ വിതരണം സംബന്ധിച്ച് എല്ലാവാർഡ് മെമ്പർമാർക്കും തുല്യമായി വിതരണം ചെയ്തു എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അധികം സാമഗ്രികൾ വാങ്ങുന്നതിന് പഞ്ചായത്ത് കമ്മിറ്റിയോ പർച്ചേസ് കമ്മിറ്റിയോ തീരുമാനം കൈക്കൊള്ളുകയോ പഞ്ചായത്ത് പർച്ചേസ് ഓർഡർ നൽകുകയോ ചെയ്തിട്ടില്ല. അടങ്കൽ തുക അധികരിച്ച് വാങ്ങൽ നടത്തിയിട്ടില്ലെങ്കിലും നടപടിക്യമങ്ങളിൽ വീഴ്ച വന്നതായി നിരീക്ഷിക്കുന്നു.

| ക്രമ നം | ഇനം | വാങ്ങുന്നതിന് ഓഡർ നൽകിയ എണ്ണം | വാങ്ങിയ എണ്ണം |
|---|---|---|---|
| 1 | ട്യൂബ് സെറ്റ് | 250 | 250 |
| 2 | ട്യൂബ് 40W | 2000 | 2825 |
| 3 | ചോക്ക് | 1000 | 1250 |
| 4 | സ്റ്റാർട്ടർ | 1000 | 1200 |
| 5 | സൈഡ് ഹോൾഡർ | 1000 | 1250 |
| 6 | സൈഡ് ഹോൾഡർ(പി) | 1000 | 1250 |
| 7 | ഇൻസുലേഷൻ ടേപ്പ് | 40 | 80 |
| 8 | അലൂമിനിയം വയർ-180 | 20 കോയിൽ | 40 കോയിൽ |

പർച്ചേസ് ഉത്തരവ് ഇല്ലാതെ അധികമായി തെരുവ് വിലക്ക് സാമഗ്രികൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 3-6 കന്നുകുട്ടി പരിപാലനപദ്ധതി-അപാകതകൾ--ചെലവ് തുക തടസ്സപ്പെടുത്തുന്നു

2014-15 വർഷം വെറ്റിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനപദ്ധതിയ്ക്കായി വികസനഫണ്ട് പൊതുവിഭാഗം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിൽനിന്നും 3,12,500 രൂപ വീതം (ഡി.ഡി. നമ്പറുകൾ 204863, 204864 തീയതി 3.12.2014 ആകെ 625000 രൂപ അസി.ഡയക്ടർ കാഫ് ഫീഡ് സബ്സിഡി, കോട്ടയത്തിന് നൽകിയിട്ടുണ്ടെങ്കിലും (100 ഗുണഭോക്താക്കൾക്ക് 6,250 രൂപ നിരക്കിൽ) കന്നുകുട്ടികളെ എന്റോൾ ചെയ്തതിന്റെ വിശദാംശങ്ങൾ, അടവാക്കിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച കാരണങ്ങളാൽ പ്രസ്തുത പ്രോജക്ടിനായി ചെലവഴിച്ച 6,25,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-7 കുടിവെള്ള പദ്ധതികളുടെ വൈദ്യുതിചാർജ്

പണിപൂർത്തിയാക്കിയ കുടിവെള്ള പദ്ധതികളുടെ സംരക്ഷണം, നടത്തിപ്പ്, വാർഷിക അറ്റകുറ്റപ്പണി എന്നിവ ഗുണഭോക്തൃസമിതികളുടെ ചുമതലയാണ്. എന്നാൽ പഞ്ചായത്തിലെ മുതലപ്ര കുടിവെള്ള പദ്ധതിയുടെ വൈദ്യുതിചാർജ് (6/14-7320,8/14-10378,11/14-12565) തനത്ഫണ്ടിൽ നിന്നും അടച്ചിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല.

പ്രസ്തുത പദ്ധതി ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് 2/15ൽ കൈമാറിയെന്നുള്ള മറുപടി ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ തുടർ നടത്തിപ്പും, അറ്റകുറ്റപണികൾക്കുമുള്ള ചെലവുകൾ വഹിക്കുന്നതിന് ഗുണഭോക്തൃസമിതിയെ രേഖാമൂലം ഏൽപ്പിക്കേണ്ടതാണ്.

### 3-8 തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ്-എണ്ണം സംബന്ധിച്ച കണക്കുകളിലെ പൊരുത്തക്കേട്

തെരുവ് വിളക്കുകളുടെ വൈദ്യുതചാർജ്-കെ.എസ്.ഇ.ബിയുടെ പക്കലുള്ള വിവരങ്ങളും പഞ്ചായത്ത് നടത്തുന്ന തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച പ്രോജക്റ്റ് വിവരങ്ങളും തമ്മിൽ വലിയ വ്യത്യാസം ഉണ്ട്. പഞ്ചായത്ത് പ്രതിമാസം വൻതുകയാണ് തെരുവുവിളക്കുകളുടെ വൈദ്യുതചാർജ്ജിനത്തിൽ കെ.എസ്.ഇ.ബിയിൽ അടക്കുന്നത്. 2015മാർച്ച് മാസത്തെ ബിൽ പ്രകാരം മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ₹90803 രൂപയാണ്. എന്നാൽ തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള കണക്കുകൾ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം

പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ഓർഡിനറി ബൾബ്-25 W | 75 |
| 2 | ഓർഡിനറി ബൾബ്-40W | 475 |
| 3 | ഓർഡിനറി ബൾബ്-60 W | 25 |
| 4 | ഓർഡിനറി ബൾബ്-100 W | 4 |
| 5 | ഫ്ലൂറവെന്റ് ട്യൂബ്-1X40 | 493 |
| 6 | ഫ്ലൂറവെന്റ് ട്യൂബ്-2X40 | 62 |
| 7 | സി.എഫ്.എൽ-2X11 | 228 |
| 8 | സോഡിയം വേപ്പർ ലാമ്പ്-250W | 21 |
| 9 | ഓഡിനറി ട്യൂബ്-40W | 76 |
| 10 | സോഡിയം വേപ്പർ ലാമ്പ്-150W | 2 |
| 11 | ഹൈമാസ്റ്റ് ലാമ്പ്-മീറ്റേർഡ് | 1 |
| 12 | സോഡിയം വേപ്പർ ലാമ്പ്-മീറ്റേർഡ് | 1 |
| | ആകെ | 1463 |

2014-15 ലെ പദ്ധതി പ്രകാരം പഞ്ചായത്ത് താഴെ പറയും പ്രകാരം ഫ്ലൂറസെന്റ് ട്യൂബ് സെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.(മെയിന്റനൻസ് ഉൾപ്പെടെ)

| ഫ്ലൂറസെന്റ് ട്യൂബ് സെറ്റുകൾ | പുതിയവ | മെയിന്റയിൻ ചെയ്തവ | ആകെ |
|---|---|---|---|
| 40 W | 250 | 1805 | 2055 |

എന്നാൽ ഇവയുടെ വിവരങ്ങൾ പോലും രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിലും ട്യൂബ് സെറ്റുകളും സി.എഫ്.എല്ലുകളും വാങ്ങിയിരുന്നു. കെ.എസ്.ഇ.ബി യുടെ വഴിവിളക്ക് താരിഫ് ചുവടെ ചേർക്കും പ്രകാരമാണ്.

| | |
|---|---|
| ഓർഡിനറി ബൾബ്-25 W | ₹61 |
| സി.എഫ്.എൽ-2X11 | ₹14 |

സാധാരണ ബൾബുകളുടെ താരിഫ് ഈടാക്കുന്നത് ഒരേ സമയം കെ.എസ്.ഇ.ബിക്ക് ലാഭകരവും പഞ്ചായത്തിന് സാമ്പത്തിക ബാധ്യതയുമായി മാറുന്ന സാഹചര്യം ഉണ്ടാക്കുന്നുണ്ട്. പഞ്ചായത്ത് കൃത്യമായ കണക്കുകൾ സൂക്ഷിക്കാതെ കെ.എസ്.ഇ.ബി ലഭ്യമാക്കുന്ന കണക്കുകൾ മാത്രം ആധാരമാക്കി പണം ഒടുക്കുകയാണ് ചെയ്യുന്നത്. ഇത് പഞ്ചായത്ത് ഖജനാവിന് ഗുണകരമല്ല. അടിയന്തിരമായി കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതും വാർഡടിസ്ഥാനത്തിലൊരു തെരുവ് വിളക്ക് രജിസ്റ്റർ (ഇനം, എണ്ണം എന്നിവ സൂചിപ്പിക്കുന്നവ) തയ്യാറാക്കി ഓഡിറ്റിന് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

### 3-9 മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2014-15സാമ്പത്തിക വർഷം പഞ്ചായത്തിലെ 86 പേർക്ക് പുതിയതായി തൊഴിൽ കാർഡ് നല്കി 20 വാർഡുകളുള്ള പഞ്ചായത്തിലെ 195 അയൽകൂട്ടങ്ങളിൽ 178 എണ്ണം തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചു. ലേബർ ബജറ്റ് പ്രകാരം തയ്യാറാക്കിയ 144 പ്രവർത്തികളിൽ 37 എണ്ണം പൂർത്തീകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിനായി മരം വച്ച് പിടിപ്പിക്കൽ, മഴക്കുഴി നിർമ്മാണം, കമ്പോസ്റ്റ് കുഴി നിർമ്മാണം എന്നീ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കി. 704 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. 36315 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു.ശരാശരി 43 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. 46 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചു.

പദ്ധതി പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 43291 |
| വരവ്-അഡ്മിനിസ്ട്രേറ്റീവ് | 8166621 |
| വരവ്-EFMS | |
| ആകെ | 8209912 |
| ചെലവ് | 8209912 |
| നീക്കിയിരിപ്പ് | ഇല്ല |

## <u>ഭാഗം -4</u>
## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം-ഇല്ല

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 41400310 | 76736 | 76736 | -- |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 41400311 | 143264 | 143264 | -- |
| കെഎസ്ബി | സൂപ്പർവിഷൻ ചാർജ്ജ് | 41400312 | 80000 | 80000 | -- |
| കെഎസ്ബി | അംഗൻവാടി വൈദ്യുതി കണക്ഷൻ | 41400313 | 25600 | 25600 | -- |

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്--ഇല്ല

4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(മുതൽ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് -ഭവന പദ്ധതി ലോൺ | ജി.ഒ(സാധാ.)നം-1772/2010 /തസ്വഭവ /തീ.28-5-10 | 16921500 | 2300000 | 1300000 | - | 1000000 |

•

4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 7177716 |
| തൻവർഷം നിക്ഷേപിച്ച തുക (സ്ഥിര നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ) | 728088 |
| ആകെ | 7905804 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7905804 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എഫ്.ഡി.ആർ 030748 | 302500 |
| എഫ്.ഡി.ആർ 038542 | 830183 |
| എഫ്.ഡി.ആർ 042627 | 1581204 |
| എഫ്.ഡി.ആർ 042628 | 1581204 |
| എഫ്.ഡി.ആർ 042635 | 309918 |

| | |
|---|---|
| എഫ്.ഡി.ആർ 035490 | 3300795 |
| ആകെ | 7905804 |

4-6 ഓഡിറ്റ് റിക്കവറി-ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.
പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 02-03 | 2-9 | 2005-06 | 2(26)(1) | മിനിസിവിൽ സ്റ്റേഷൻ നിർമ്മാണം ലാൻഡ് അക്വിസിഷന് വേണ്ടി 40.5 ലക്ഷം രൂപ സർക്കാരിൽ കെട്ടിവച്ചെങ്കിലും നിർമ്മാണം അനിശ്ചിതമായി തുടരുന്നു. | |
| 2000-01 | | 2000-01 | 4(26) | പിരിവ് നടത്തിയ പണം അനധികൃതമായി കയ്യിൽ സൂക്ഷിക്കുന്ന പ്രവണത | |

4-8 ഓഡിറ്റ് പ്രത്യവലോകനം
**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81468353.10 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56827979 |
| വരവിനങ്ങളിലുള്ള നഷ്ടം | 7230 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1798375 |

(ബി). <u>**പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4-3 | 630 | | ശ്രീ.പി.വി.മാത്യു, സെക്രട്ടറി |
| 2-4-4 | 1000 | | ” |
| 2-5-1 | 5600 | | ” |
| | 7230 | | |

<u>**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**</u>

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | | ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 1173375 | ശ്രീ.വി.റ്റി.ഷാജി, അസി.സെക്രട്ടറി |
| 3-6 | 625000 | ഡോ. പ്രസന്നൻ, വെറ്റിനറി സർജൻ |
| ആകെ | 1798375 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം- ഇല്ല</u>**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-ഇല്ല</u>**

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.വി.മാത്യു, സെക്രട്ടറി | റിട്ടയർ ചെയ്തു | ശ്രീ.പി.വി.മാത്യു, പാറയ്ക്കൽ, വടക്കേക്കര, വെരൂർ പി.ഒ, ചങ്ങനാശേരി |

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 96-97 | എൽ.എഫ്.കെ.പി 8/334/08/31.03.09 | | |
| 96-97ചെലവ് | എൽ.എഫ്.കെ.പി 3/209/98/02.05.98 /10.03.2000 | | |
| 2001-2002 ചെലവ് | എൽ.എഫ്.കെ.പി-8/578/04/08.12.15 | 2 | |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി 8/680/05/08.12.15 | 1 | |
| 2006-07 | എൽ.എഫ്.കെ.പി.8/886/10/09.12.15 | 3 | |
| 2007-08 | കെഎസ്എ.കെടിഎം-പി.3/1595/11 തീ.01.04.16 | 8 | |
| 2008-09 | കെഎസ്എ.കെടിഎം-പി.3.622/12 /02.04.16 | 8 | |
| 2009-10 | കെഎസ്എ.കെടിഎം-പി.3-623/12 /02.04.16 | 7 | |
| 2010-11 | കെഎസ്എ.കെടിഎം-പി.3-624/12 /02.04.16 | 12 | |
| 2011-12 | എൽ.എഫ്.കെ.പി.3-1291/2013 /27.12.13 | 14 | |
| 2012-13 | എൽ.എഫ്.കെ.പി.3/1578 /14/21.04.15 | | |
| 2013-14 | കെഎസ്എ.കെടിഎം-പി.3-816/15 /02.02.16 | 9 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോട്ടയം ജില്ല

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

**നം.കെ.എസ്.എ-കെ.ടി.എം.പി3-1075/16** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ജില്ലാ ഓഡിറ്റ്**

**കാര്യാലയം, കോട്ടയം.**
**ഫോൺ: 04812564886**
**ഇ-മെയിൽ: doktm.ksad@kerala.gov.in**
**തീയതി: 26.07.2016**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2014-15-ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**